അംഗീകരിക്കുകയും ഇൻഡ്യാ ഗവൺമെൻറിന്റെ അനുമതിക്കുവേണ്ടി അയയ്ക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തിരിക്കുകയുമാണെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇന്നത്തെ ഇൻഡ്യൻ ശിക്ഷാനിയമം അനുസരിച്ച് ഫ്രാഡ് (തട്ടിപ്പ്) ചീറ്റിംഗ് (ചതിവ്) എന്നുള്ള വകുപ്പുകളെല്ലാം ഉപയോഗിച്ചുകൊണ്ട് യാതൊരു നടപടിയും ഈ പറഞ്ഞ ആളുകളുടെ പേരിൽ എടുക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കാതിരിക്കെ വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ഇക്കാര്യത്തെ ഗവൺമെൻറ് സമീപിക്കുന്നത് എന്ന് ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. ഗവൺമെൻറ് അക്കാര്യം വളരെ ഗൗരവപരമായി എടുത്തുകൊണ്ടാണ് റെയ്ഡുകളെല്ലാം നടന്നത്. അത് മാത്രമല്ല ഇവരെ പിടിച്ചുകിട്ടുകയാണെങ്കിൽ നിയമം ഇല്ലാത്തതുകൊണ്ട് മാത്രം അവർ രക്ഷപ്പെടാൻ പോകുന്നില്ല. കാരണം ഈ സിമൻറിനെ സംബന്ധിച്ചുള്ള ഇൻഡ്യൻ സ്റ്റാൻഡേർഡൈസേഷൻ സ്കീം അനുസരിച്ച് വ്യത്യാസം വരുകയാണെങ്കിൽ അതിന്റെ പേരിൽ നടപടി എടുക്കും. ഇത് പരിശോധിക്കുന്നതിന് ലബോറട്ടറികളുണ്ട്. ഇങ്ങനെയുള്ള ആക്ഷേപങ്ങൾ കിട്ടിയതിനെ സംബന്ധിച്ച് പല ഡിപ്പാർട്ടുമെൻറുകളും വഴി ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയച്ചുകൊടുക്കുന്നുണ്ട്.

സാമൂഹ്യ വനവൽക്കരണ പദ്ധതിയിലെ ക്രമക്കേടുകൾ

* 236 [257] ശ്രീ. സി. ടി. കൃഷ്ണൻ :
,, കെ. മൂസ്സക്കുട്ടി :
,, ടി. കെ. അബ്ദു :
,, വർക്കല രാധാകൃഷ്ണൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയനുസരിച്ച് തൈകൾ ഉൽപ്പാദിപ്പിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ക്രമക്കേടുകൾ നടന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് വ്യക്തികൾക്ക് എത്ര തൈകൾ വരെ നൽകാമെന്നാണ് വ്യവസ്ഥ ;

(സി) ഇതിന് വിരുദ്ധമായിട്ട് സംസ്ഥാനത്ത് ആർക്കെങ്കിലും തൈകൾ വിതരണം ചെയ്തിട്ടുണ്ടോ ;

(ഡി) വിതരണം ചെയ്യുന്ന തൈകൾ നട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ സാമൂഹ്യ വനവൽക്കരണ വകുപ്പിന്റെ കീഴിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ;

(ഇ) എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) തൈകൾ ഉൽപ്പാദിപ്പിക്കുന്നതിലും തൈകൾ വിതരണം ചെയ്തതിലും ചില ക്രമക്കേടുകൾ ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യക്തിക്ക് കാറ്റാടി ഇനത്തിൽപ്പെട്ട 3,000 തൈകളും മറ്റു ഇനത്തിപ്പെട്ട 500 തൈകളും വീതമാണ് പരമാവധി നൽകുന്നതിന് വ്യവസ്ഥയുള്ളത്.

(സി) ഇല്ല.

(ഡി) വിതരണം ചെയ്ത തൈകൾ നട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ സാമൂഹ്യ വനവൽക്കരണ വകുപ്പിന്റെ കീഴിൽ ഒരു മോണിട്ടറിംഗ് ഇവാലുവേഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ഇ) മോണിട്ടറിംഗ് ആൻഡ് ഇവാലുവേഷൻ വിഭാഗത്തിൽ ഒരു ഡെപ്യൂട്ടി കൺസർവേറ്ററും ഒരു എക്കണോമിസ്റ്റും ഒരു സ്റ്റാറ്റിസ്റ്റിഷ്യനും രണ്ട് റിസർച്ച് അസിസ്റ്റന്റുമാരും രണ്ട് കംപയിലർമാരും പ്രവർത്തിക്കുന്നു. വിതരണ രജിസ്റ്റർ അനുസരിച്ച് തൈകൾ വാങ്ങിയിട്ടുള്ള സഹകാര്യ വ്യക്തികളെ കണ്ട്. അവർ വാങ്ങിയിട്ടുള്ള തൈകൾ നട്ടിട്ടുണ്ടോ എന്നും അവയിൽ എത്രയെണ്ണം അതിജീവിച്ചിട്ടുണ്ടെന്നും നട്ട തൈകൾ നശിച്ചു പോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്നും മറ്റു ബന്ധപ്പെട്ട വിവരങ്ങളും ശേഖരിക്കാറുണ്ട്. സ്വതന്ത്ര ഏജൻസികൾ മുഖേനയാണ് വിവരങ്ങൾ ശേഖരിക്കുന്നതും പ്രവർത്തനം വിലയിരുത്തുന്നതും.

ശ്രീ. സി. ടി. കൃഷ്ണൻ : അട്ടപ്പാടിയിൽ അഗളി ഡിവിഷനിൽ ഊളിക്കടവിൽ 10.69 ലക്ഷം രൂപ ചെലവാക്കി വച്ചു പിടിപ്പിച്ച തോട്ടം പാടെ പരാജയമാണെന്നാണ് റിപ്പോർട്ട്. അങ്ങനെ പരാജയപ്പെട്ടത് തൈകൾ വച്ചതിനു ശേഷം വേണ്ടത്ര സംരക്ഷണ നടപടികളെടുക്കാത്തതുകൊണ്ടാണ്. അതിന്റെ പേരിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ ? ഈ കാര്യത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ ചൂണ്ടിക്കാണിച്ച സ്ഥലം ഞാൻ തന്നെ നേരിട്ടുപോയി പരിശോധന നടത്തിയിട്ടുണ്ട്. ആ തോട്ടം വേണ്ടത്ര വിജയകരമായി കണ്ടില്ല. അതിനുത്തരവാദിയായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : ഒരു തൈ സംരക്ഷിക്കുന്നതിനുവേണ്ടി 143 രൂപ മുതൽ 185 രൂപ വരെ കണക്കെഴുതിയെടുത്തിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ 32 രൂപ മാത്രമെ ആവശ്യമുള്ളുവെന്ന് ചില ഡിവിഷനുകൾ കണക്കെഴുതിയിട്ടുണ്ട്. ഉദാഹരണം തൃശ്ശൂർ. അതുകൊണ്ട് അഞ്ചിരട്ടി ആറിരട്ടി സംരക്ഷണ ചെലവിനുവേണ്ടി അധികമായി എഴുതിയെടുത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ ? അത് എവിടെയെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ കേസ്സുകളിലുള്ള ക്രമക്കേടുകളെ കുറിച്ച് പരാതിപ്പെട്ടിട്ടുണ്ട് എന്നു ഞാൻ നേരത്തെ പറഞ്ഞു. ഇതിനകം തന്നെ ഗവൺമെന്റിന് 10—13 പരാതികൾ വിവിധ കാര്യങ്ങളിലായി കിട്ടിയിട്ടുണ്ട്. ഈ പരാതികളെക്കുറിച്ചെല്ലാം തക്കസമയത്ത് അന്വേഷണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നടപടികൾ ഇപ്പോഴും തുടർന്നുവരികയാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : തൈകൾ വിതരണം ചെയ്യുന്നതിൽ ക്രമക്കേടുകളുണ്ടെന്ന് പറഞ്ഞു. തൈകൾ നിറയ്ക്കാനുള്ള പൊളിത്തീൻ ബാഗുകൾ നേരിട്ട് റേഞ്ചർമാരാണ് വാങ്ങിക്കുന്നത്. അവർ ഈ കാര്യത്തിൽ അഴിമതികൾ നടത്തിയിട്ടുണ്ടോ ? അങ്ങനെ നടത്തിയിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : കമ്മട്ടേഷൻ വിളിച്ചാണ് കവറുകൾ വാങ്ങിക്കുന്നത്. ഈ രംഗത്ത് അഴിമതി നടത്തിയതായി ആരും ഇതുവരെ ചൂണ്ടിക്കാണിച്ചിട്ടില്ല. അങ്ങനെ എന്തെങ്കിലും അഴിമതികൾ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായിട്ടും അതിനെക്കുറിച്ച് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : റേഞ്ചർമാർ വെവ്വേറെ ബാഗുകൾ വാങ്ങുന്നത് സാമ്പത്തിക താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് ആഡിറ്റർ ജനറൽ ചൂണ്ടിക്കാണിച്ച വിവരം വല്ലതും മന്ത്രി അറിയുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അത് പരിശോധിക്കാം.

ശ്രീ. ടി. കെ. അബ്ദു : തൈകൾ വിതരണം ചെയ്യുമ്പോൾ അതിന് എണ്ണമുണ്ടെന്ന് പറയുന്നത് ആർക്കും വിശ്വസിക്കാൻ പറ്റുകയില്ല. മഴക്കാലത്ത് അത് ചീഞ്ഞും മറ്റുമാണ് കൊടുക്കുന്നത്. പക്ഷെ, നമ്മുടെ കേരള സംസ്ഥാനത്ത് ജനങ്ങൾക്ക് ആവശ്യമുള്ള, നമ്മുടെ മണ്ണിനും ഈ ജനങ്ങൾക്കും പറ്റുന്ന രീതിയിലുള്ള തൈ അല്ല ഇവിടെ വിതരണം ചെയ്യുന്നത്. അതിൽ പലതും അപകടമുള്ളതാണ് എന്ന് പറഞ്ഞു കേൾക്കുന്നുണ്ട്. വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം പരിശോധിക്കാൻ ആധികാരികമായി കഴിവുള്ള ആരുടെയെങ്കിലും ഉപദേശം കേൾക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കേരളത്തിലെ നാലഞ്ചു അതിവിദഗ്ദ്ധൻമാർ കൂടി ചർച്ച ചെയ്താണ് ഈ തൈകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇരുപതോളം തൈകളാണ് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്. നമ്മുടെ പീച്ചി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ, കാസർകോഡ് റിസർച്ച് സെന്ററിന്റെ ഡയറക്ടർ, വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാർ, കൃഷിവകുപ്പിലെ ഉദ്യോഗസ്ഥൻമാർ തുടങ്ങിയ ആളുകളെല്ലാം ചേർന്നാണ് ഇന്നയിന്ന തൈകൾ വേണമെന്ന് പറഞ്ഞിട്ടുള്ളത്. ഓരോ പ്രദേശത്തെയും കൃഷിക്കാരുടെ ആവശ്യമനുസരിച്ച്, അവരുടെ അഭിപ്രായംകൂടി ആരാഞ്ഞുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ വരുംകാലങ്ങളിൽ നേഴ്സറികളുണ്ടാക്കണമെന്നും അവരുടെ ആവശ്യത്തിന് കണക്കായിട്ടുള്ള തൈകൾ ഉൽപ്പാദിപ്പിക്കണമെന്നും ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : തൈകൾ വിതരണം ചെയ്യുമ്പോൾ പാഴ്വൃക്ഷങ്ങളാണ് എൻക്രോസ് ചെയ്ത് നട്ടുകാണുന്നത്. നാട്ടുകാർക്ക് ഉപകാരപ്രദമായ അല്ലെങ്കിൽ ഗവൺമെന്റിന് ആദായമുണ്ടാക്കുന്ന ഫലവൃക്ഷ തൈകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കഴിഞ്ഞ കാലങ്ങളേക്കാൾ കൂടുതൽ ഫലവൃക്ഷതൈകൾ അടുത്തകാലങ്ങളിൽ ഉൽപ്പാദിപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. നേരത്തെ ഏതാണ്ട് എഴുപതു ലക്ഷത്തോളം വരുമായിരുന്നു. നാൽപ്പതു ലക്ഷമാണ് ആദ്യമുണ്ടായിരുന്നത്. അടുത്തകൊല്ലം ഒരു കോടി ഫലവൃക്ഷതൈകൾ ഉൽപ്പാദിപ്പിക്കണമെന്ന ഒരു നിർദ്ദേശമാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥ നോക്കി അതാതു പ്രദേശത്തിന് യോജിക്കുന്ന തരത്തിലുള്ള ഫലവൃക്ഷതൈകൾ കൊടുക്കാനാണോ നിർദ്ദേശം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇത് ഞാൻ നേരത്തെ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു. ഓരോ പ്രദേശത്തെയും കൃഷിക്കാരുടെ ഇതുമായി ബന്ധപ്പെടുന്നവരുടെ—അഭിപ്രായംകൂടി പരിഗണിച്ചാണ് അടുത്തതവണ നേഴ്സറി ഉണ്ടാക്കുന്നത്. സാമൂഹ്യ സംഘടനകളോടും അവരുടെ നിർദ്ദേശങ്ങളും ഗവൺമെൻറ് ക്ഷണിച്ചിരിക്കുകയാണ്.

ശ്രീ. വി. കേശവൻ : സാമൂഹ്യ വനവൽക്കരണത്തിനുള്ള തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് പ്രായപൂർത്തിയായ വൃക്ഷങ്ങളിൽനിന്ന് ശരിക്കും പാകമായ വിത്തുകൾ ശേഖരിച്ച് തൈകൾ ഉൽപ്പാദിപ്പിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ഈ വ്യവസ്ഥയിൽനിന്നും വ്യത്യസ്തമായി ഓരോ പ്രദേശത്തും റേഞ്ചർമാർക്ക് അവർക്കിഷ്ടമുള്ള തരത്തിൽ വിത്തു ശേഖരിക്കാനുള്ള സൗകര്യം കൊടുത്തിരിക്കുന്നു. അതിൻറെ ഫലമായി തിരുവനന്തപുരം ജില്ലയിൽ 1983-84 വർഷത്തിൽ 8 നേഴ്സറികളിൽ പാകിയ ഒരൊറ്റ വിത്തുപോലും മുളച്ചില്ല. മുഴുവൻ നഷ്ടപ്പെട്ടുപോയി. ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ? ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ പ്രത്യേക വിഷയത്തെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. നേഴ്സറികൾ നടത്തുന്നതിലും ചില ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്. ഈ കാര്യം ഞാൻ പ്രത്യേകം നോക്കാം.

ശ്രീ. വി. കേശവൻ : ഈ സാമൂഹ്യ വനവൽക്കരണത്തിൻറെ ഭാഗമായി എൻ. ആർ. ഇ. പി. പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് ഗ്രാമവികസന രംഗത്തുകൂടി വനവൽക്കരണ പരിപാടി നടപ്പാക്കുമോ ? അതിന് ഭരണ ഡിപ്പാർട്ടുമെൻറിലൊക്കെ നടത്തുന്നതുപോലെയുള്ള കൂലിറേറും മറ്റു സംവിധാനവുമാണോ ഉള്ളത് ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഭിന്നമായിട്ട് പോകാൻ വഴിയില്ല.

ശ്രീ. തോമസ് കല്ലംപള്ളി : വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടി വനംവകുപ്പിനുതന്നെ തരിശായി കിടക്കുന്ന സ്ഥലം ഉണ്ടായിരിക്കെ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ പാട്ടത്തിനെടുക്കുന്ന നടപടി ശരിയാണെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനംവകുപ്പിൻറെ കൈയ്യിൽ സ്ഥലമുണ്ടെങ്കിൽ ആ സ്ഥലത്തുമാത്രമേ നഴ്സറികൾ നടത്താൻ പാടുള്ളൂ. അതിൽനിന്ന് ഭിന്നമായിട്ട് വനം വകുപ്പിൻറെ സ്ഥലമുണ്ടായിരിക്കുകയും അതുവച്ചു ഉപയോഗിക്കാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലം എടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ഗുരുതരമായ പ്രശ്നമാണ്. തീർച്ചയായിട്ടും അത് പരിശോധിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി : വനം വകുപ്പിൽനിന്ന് കൊടുക്കുന്ന തൈകളും ബ്ലോക്കിൽനിന്ന് കൊടുക്കുന്ന തൈകളും രണ്ടും ഒന്നാണ്. രണ്ടായി കണക്കെഴുതുകയാണ്. ഈ വിധത്തിൽ രണ്ടു വകുപ്പിൽനിന്നും എന്തുമാത്രം പൈസ ഇതിന് നഷ്ടപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ : രണ്ടു വകുപ്പിൽനിന്നും പൈസയെടുക്കാൻ നിവൃത്തിയില്ല. കാരണം വനംവകുപ്പുകാർ തന്നെയാണ് ബ്ലോക്കിലേക്ക് തൈ എത്തിച്ചു കൊടുക്കുന്നത്. ബ്ലോക്കിൻറെ അടിസ്ഥാനത്തിൻറെ ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

മുതൽക്കുമാത്രമെ മഹിളാ സമാജങ്ങൾ മുഖേനയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ അവർ പരിപാടിയിട്ടിട്ടുള്ളു. ഇപ്പോൾ, കഴിഞ്ഞ നാളുകളിലെല്ലാം ജില്ലാ കളക്ടർ ബ്ലോക്ക് ആഫീസർമാരെയും വനംവകുപ്പിലെ ഉദ്യോഗസ്ഥൻമാരെയും സാമൂഹ്യ സംഘടനകളുടെ പ്രതിനിധികളെയുമെല്ലാം വിളിച്ചു ചേർത്ത്, അവിടെവച്ചുണ്ടാക്കുന്ന ആക്ഷൻ പ്ലാൻ അനുസരിച്ച് വനംവകുപ്പുകാർ കൊണ്ടുകൊടുക്കുന്ന തൈകളാണ് ബ്ലോക്കിലായാലും മറ്റാളുകളായാലും കൊടുക്കുന്നത്. അങ്ങനെയുണ്ടെങ്കിൽ അത് തീർച്ചയായിട്ടും നോക്കാം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സാമൂഹ്യ വനവൽക്കരണ പരിപാടിയുടെ ഭാഗമായിട്ട് നമ്മുടെ കടലോര പ്രദേശങ്ങളിൽ ചൂളമരങ്ങൾ നടുകയാണെങ്കിൽ അത് ഉപ്പുകാറ്റേൽക്കാതെ നിലനിൽക്കാൻ കഴിയുന്നതും, അതേയവസരത്തിൽ വളരെ ഉയർന്നുവളരുന്ന മരമായിത്തീരാനും സാദ്ധ്യതയുള്ളതുകൊണ്ട് അങ്ങനെയുള്ള ഏറിയകളിൽ ഒരു പരീക്ഷണം എന്ന നിലയിൽ ഇത് നടപ്പാക്കാൻ കഴിയുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇത് ഒരു വിദഗ്ദ്ധാഭിപ്രായം ആരായേണ്ട വിഷയമാണ്.

ശ്രീ. കെ. പി. രാമൻ : വ്യക്തികൾക്ക് തൈകൾ വിതരണം ചെയ്യുമ്പോൾ ആർക്കുകൊടുത്തു എന്നുള്ളതിനെ സംബന്ധിച്ച് ഒരു പ്രത്യേക ലിസ്റ്റ് പലയിടത്തും വയ്ക്കാത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച മോണിറ്ററിംഗ് ഇവാലുവേഷൻ വിഭാഗം തൈകൾ കൊണ്ടുപോയി എന്തുചെയ്തു എന്നതിനെ സംബന്ധിച്ച് എങ്ങനെയാണ് പരിശോധിക്കുക ? അതിന് വല്ല നടപടിയുമുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വ്യക്തികൾക്കും നാട്ടിലും വിതരണം ചെയ്യുന്നതിന് ശരിയായിട്ടുള്ള വൗച്ചറുകൾ സൂക്ഷിച്ചിരിക്കണം. അവരുടെ എണ്ണം തിട്ടപ്പെടുത്തുണം, അതിന് ഒരു റേഷ്യോ വയ്ക്കണം, പരിശോധനയ്ക്കു വന്നാൽ കാണിച്ചുകൊടുക്കണം എന്നുള്ളതിൻറെയെല്ലാം അടിസ്ഥാനത്തിൽ സാമൂഹ്യ സംഘടനകളുടെ യൂണിറ്റുകൾ വഴി വിതരണം ചെയ്യുന്നതുകൊണ്ട് അവർ റസീപ്റ്റ് വാങ്ങിക്കുന്നുണ്ട് എന്നാണ് എനിക്ക് കിട്ടിയ വിവരം.

ശ്രീ. എ. വി. താമരാക്ഷൻ : സാമൂഹ്യ വനവൽക്കരണ പദ്ധതികളുടെ ക്രമക്കേടുകളെ സംബന്ധിച്ച് അക്കൗണ്ടൻറ് ജനറലിൻറെ ആഡിറ്റ് റിപ്പോർട്ട് ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ആ റിപ്പോർട്ടുകളെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുന്നുയെന്ന് ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൊടുക്കുന്ന മരത്തൈകൾ ഫലവൃക്ഷങ്ങളായിരിക്കണമെന്നുള്ള നിർദ്ദേശത്തെപ്പറ്റി ഗവൺമെൻറിൻറെ അഭിപ്രായമെന്താണ് ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഫലവൃക്ഷങ്ങൾ മാത്രമായി ഈ പദ്ധതിയിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുകയില്ല. ഈ പദ്ധതിക്ക് ചില ഉദ്ദേശലക്ഷ്യങ്ങളുണ്ട്. അതുകൂടി ഉൾക്കൊണ്ടുകൊണ്ടുമാത്രമെ നമുക്ക് തൈകളുടെ ഉൽപ്പാദനം നടത്താൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly